# പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.310 | 23.06.2014 ന് മറുപടിയ്ക്ക്.

## പെരിയാർ പറമ്പിക്കുളം ടൈഗർ റിസർവ്വുകളുടെ പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ്<br>ഡോ.എൻ.ജയരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വന്യജീവി സംരക്ഷണ മേഖലയിൽ 2014-15 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ; | (എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടേയും ദേശീയഉദ്യാനങ്ങളുടേയും, ടൈഗർ റിസർവ്വുകളുടെയും സംരക്ഷണത്തിനായി 50% കേന്ദ്ര സഹായ പദ്ധതികളും, 4 എലിഫന്റ് റിസർവ്വുകളുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് പദ്ധതിയും, നീലഗിരി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വുകളുടെ പരിപാലനത്തിനായുള്ള പദ്ധതിയും 100% കേന്ദ്ര സഹായത്തോടെയും നടപ്പിലാക്കി വരുന്നു. കൂടാതെ ജൈവ വൈവിധ്യ സംരക്ഷണവും മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികളും സംസ്ഥാന പദ്ധതികളായും നടപ്പിലാക്കി വരുന്നു. |
| (ബി) നടപ്പ് സാമ്പത്തിക വർഷം ഈ മേഖലയിൽ പ്രത്യേകിച്ച് പെരിയാർ പറമ്പിക്കുളം ടൈഗർ റിസർവ്വുകളുടെ പരിപാലനത്തിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 6875.95 ലക്ഷം രൂപയുടേയും വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി 10 കോടി രൂപയുടെ അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും ടൈഗർ റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, വന്യജീവികളുടെ നിരീക്ഷണവും ഗവേഷണവും, പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, ആശ്രിത സമൂഹങ്ങളുടെ സംയോജിത വികസനം, പരിസ്ഥിതി വികസനം, പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ഇവയാണ് ഉൾപ്പെട്ടിട്ടുള്ളത്. |

| | |
|---|---|
| (സി) ഈ മേഖലയിൽ 13- ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം പ്ലാൻ ഇനത്തിൽ നീക്കിവച്ചിരുന്ന തുകയിൽ കറവു വരികയുണ്ടായോ; ഇത് എപ്രകാരമാണ് പരിഹരിക്കുക; വിശദാംശങ്ങൾ നൽകാമോ; | (സി) തുകയിൽ കറവു വന്നിട്ടില്ല. |
| (ഡി) പെരിയാർ പറമ്പിക്കുളം ടൈഗർ റിസർവ്വുകളുടെ ബൗണ്ടറി അവസാനമായി നിശ്ചയിച്ചത് ഏതു കാലയളവിലാണ്; ഇത് പുനർ നിശ്ചയിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) പറമ്പിക്കുളം ടൈഗർ റിസർവ്വ് അവസാനമായി അതിർത്തി നിർണ്ണയിച്ച് ഉത്തരവായത് 16.12.2009-ലാണ്. ടൈഗർ റിസർവ്വിന്റെ നിലവിലുള്ള വിസ്തൃതി 390.890 ച.കി.മീറ്റർ. അത് ഉൾപ്പെടെ ആകെ വിസ്തൃതി 430.76 ച.കി.മീറ്ററായി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>പെരിയാർ ടൈഗർ റിസർവ്വിൽ അവസാനമായി അതിർത്തി നിർണ്ണയിച്ച് ഉത്തരവായത് 06.04.2011-നാണ്. ശ്രീശ്രിക്കൽ റെയിഞ്ചിൽ നിന്നും കൂട്ടി ചേർത്ത 148 ച.കി.മീറ്റർ പ്രദേശം കൂടി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ